"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

നം.ഡിഎ1/407/2019-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 14/02/2020

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തിലെ കർഷകർ മറ്റ് ഗ്രാമപഞ്ചായത്തിലെ അവരുടെ കൃഷി ഭൂമിയിൽ കൃഷി ചെയ്യുമ്പോൾ ധനസഹായമടക്കം നൽകുന്നതിന് സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ നടപടികുറിപ്പ്, തീരുമാനം 3.1 (പൊതുവിഷയം)

**********************

കാർഷിക മേഖലയിൽ ഒരു ഗ്രാമപഞ്ചായത്തിലെ കൃഷിക്കാർക്ക് അടുത്ത ഗ്രാമപഞ്ചായത്തിൽ അവർക്ക് സ്വന്തമായുള്ള കൃഷി ഭൂമിയിൽ ,കൃഷി ചെയ്യുമ്പോൾ ധനസഹായമടക്കം മറ്റു സഹായങ്ങളും ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് താഴെ പ് റയുന്ന സ്പഷ്ടീകരണം നൽകുന്നു.

പ്രസ്തുത കർഷകൻ ഏതു പഞ്ചായത്തിൽ/നഗരസഭയിൽ താമസിക്കുന്നു എന്നു കണക്കിലെടുക്കാതെ, പകരം കൃഷി ഭൂമി ഏതു പഞ്ചായത്ത് /നഗരസഭയിലാണോ ആ തദ്ദേശഭരണ സ്ഥാപനത്തിന്, മേൽ കർഷകന് കാർഷിക ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.